(സി) സംസ്ഥാനത്തെ അമൃത് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്ഥാപന വിഹിതം 50:30:20 ശതമാനമായാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര നഗരകാര്യ വകുപ്പിന്റെ അപ്പക്സ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ള 587.48 കോടി രൂപയുടെ അമൃത് പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം 287.98 കോടി രൂപയാണ്.

ക്ലീൻ കേരള കമ്പനി

141 (1515) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി, പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ, പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും അതുവഴി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് പ്രധാന ലക്ഷ്യം. കൂടാതെ സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്നതും ഇതിന്റെ പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ ഇ-മാലിന്യങ്ങളുടെ ശേഖരണവും സംസ്കരണവും ക്ലീൻ കേരള കമ്പനിയെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്.

ഇ-മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന്റെ ആവശ്യകതയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാൻ വിദ്യാഭ്യാസ വകുപ്പും നഗരകാര്യ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഇ-മാലിന്യ ശേഖരണ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾ ശേഖരിച്ച കൈമാറുന്ന ഇ-മാലിന്യങ്ങൾക്ക് വില നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തലസ്ഥാന നഗരസഭയിലെ ശ്രുചിത്വ വാർഡുകൾ

142 (1516) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരസഭയിൽ എത്ര വാർഡുകളെ ശ്രുചിത്വ വാർഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) ഈ വാർഡുകളിൽ ശ്രുചിത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥിരം ഒഴിവുകളിലേയ്ക്കല്ലാതെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(സി) ശ്രുചിത്വ വാർഡ് പ്രഖ്യാപനശേഷവും ആ വാർഡുകളിൽ മാലിന്യ ക്കൂമ്പാരങ്ങൾ കത്തിക്കുന്ന പ്രക്രിയ തുടരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജന സംവിധാനമൊരുക്കാതെ, ക്യാമറകൾ സ്ഥാപിച്ച നഗരവാസികളെ നിരീക്ഷിക്കുന്നത് ജനവിരുദ്ധ നടപടി യാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ അടിയന്തരമായി കൈക്കൊള്ളുമോ ?

ഉത്തരം

(എ) (തിരുവനന്തപുരം നഗരസഭയിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരമുള്ളത്) 51 വാർഡുകൾ.

(ബി) ആരെയും നിയമിച്ചിട്ടില്ല.

(സി&ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly